## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 84

08.03.2012- ൽ
മറുപടിക്ക്

## കയർ തൊഴിലാളികളുടെ ക്ഷേമപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. അജിത് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ വ്യവസായ രംഗത്ത് പ്രത്യക്ഷമായും പരോക്ഷമായും എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കയർ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഏകദേശം 4 ലക്ഷത്തോളം തൊഴിലാളികൾ കേരളത്തിലെ കയർ വ്യവസായത്തെ ആശ്രയിച്ച് ജീവിക്കുന്നതായി **കണക്കാക്കപ്പെടുന്നു.** |
| (ബി) ഈ മേഖലയിൽ എത്ര ചെറുകിട ഉൽപാദകരുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) സ്വകാര്യ മേഖലയിൽ ഇപ്പോൾ ഏകദേശം 6,539 ചെറുകിട ഉൽപ്പാദകർ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. |
| (സി)കയർ ഫാക്ടറി മേഖലയിലെ വണ്ടിചുറ്റ്, ഉണ്ട ചുറ്റ്, ചകിരിയടി, തടുക്ക് നെയ്ത്ത് എന്നീ മേഖലകളിലായി എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്; ഇവർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വേതനം എത്ര വീതമാണെന്ന് വിശദമാക്കുമോ? | (സി) കയർ ഫാക്ടറി മേഖലയിലെ വണ്ടിചുറ്റ്, ഉണ്ട ചുറ്റ്, ചകിരിയടി, തടുക്ക് നെയ്ത്ത് എന്നീ മേഖലകളിലായി ഏകദേശം 2200 ഓളം പേർ സഹകരണമേഖല, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പണിയെടുക്കുന്നു. വണ്ടിചുറ്റ്, ഉണ്ട ചുറ്റ്, ചകിരിയടി മേഖലയിലെ ശരാശരി പ്രതിദിന വേതനം 125 രൂപ മുതൽ 200 രൂപവരെയാണ്. തടുക്ക് നെയ്ത്ത് മേഖലയിൽ പ്രതിദിനവേതനമായി ശരാശരി 310 രൂപയും ലഭിക്കുന്നുണ്ട്. |
| ഡി. കയർ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം | ഡി. കയർ മേഖലയിൽ വരുമാന ഉറപ്പാക്കൽ പദ്ധതി നടപ്പാക്കി വരുന്നു. കയർ പിരിമേഖലയിലെ |

പദ്ധതികളാണ് നില

<table>
<tr>
<td>വിലുള്ളതെന്ന് വ്യക്തമാക്കുമോ?</td>
<td>
ഏറ്റവും കുറഞ്ഞ പ്രതി ദിന വേതനം 210 രൂപയും, ഉ ല്പന്ന മേഖലയിൽ പ്രതിദിന വേതനം 285 രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>
കൂടാതെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തിരം ചുവടെ വിവരി ക്കുന്ന ക്ഷേമപദ്ധതികളും നടപ്പിലാക്കിവ രുന്നു.<br>
<table>
<tr><th>ധനസഹായം</th><th>രൂപ</th></tr>
<tr><td>വിവാഹ ധനസഹായം</td><td>2000</td></tr>
<tr><td>പ്രസവാനുകൂല്യം</td><td>1000</td></tr>
<tr><td>ചികിൽസാ സഹായം</td><td>1000</td></tr>
<tr><td>സ്ഥിരാ സ്വാധീനം</td><td>2500</td></tr>
<tr><td>താത്കാലികാസ ്വാധീനം</td><td>600</td></tr>
<tr><td>അപകടമരണം</td><td>10000</td></tr>
<tr><td>ശവ സംസ്കാരം</td><td>1000</td></tr>
<tr><td>വിദ്യാഭ്യാസ ധനസഹായം<br>എ) +2, ഡിഗ്രി<br>ബി) പ്രൊഫഷണൽ കോഴ്സ്</td><td><br>750<br>3000</td></tr>
<tr><td>മെമ്പർ പെൻഷൻ</td><td>400</td></tr>
<tr><td>മുൻകയർ തൊഴിലാളി പെൻഷൻ</td><td>400</td></tr>
<tr><td>കുടുംബ പെൻഷൻ</td><td>100</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ